## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4781 | | | 26.06.2019-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.ഐ.ബി. സതീഷ്** | | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച എത്ര മാലിന്യ പ്ലാന്റുകളുടെ പ്രവർത്തനം നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) & (ബി) | തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്ക് വേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തുകയും ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്ലാന്റ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റുകൾ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>മേൽ പറഞ്ഞ സ്ഥലങ്ങൾ കൂടാതെ മൂന്നാറിൽ ഒരു കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) | ഇനി ഏതെങ്കിലും സ്ഥലത്ത് പദ്ധതി നടപ്പിലാക്കാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ